# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1758

16.03.2015 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്കുള്ള വീട് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വീട് നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് ഇതിനകം ചെലവഴിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/വിവാഹ മോചിതർ/ ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്ന ഭവന പദ്ധതിയിൽ 2013-14 സാമ്പത്തിക വർഷത്തിൽ 950 വീടുകളുടെ നിർമ്മാണത്തിന് 19 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 249 വീടുകൾക്കായി 4.98 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മുഴുവൻ തുകയും അതത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) എന്തെല്ലാം മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഇത്തരം വീടുകൾ നൽകിവരുന്നതെന്ന് വിശദമാക്കാമോ? | (ബി) ടി പദ്ധതിക്ക് അപേക്ഷിക്കാനുള്ള നിർദ്ദിഷ്ട യോഗ്യതയുള്ളവരിൽ നിന്നും താഴെ പറയുന്ന മാനദണ്ഡങ്ങൾ 100 മാർക്കിന് നിശ്ചയിച്ചു കൊണ്ടാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കപ്പെടുന്നത്.<br>1. അപേക്ഷകയോ, അപേക്ഷകയുടെ മക്കളോ മാനസിക - ശാരീരിക വെല്ലുവിളി നേരിടുന്നവരാണെങ്കിൽ. (20 മാർക്ക്)<br>2. അപേക്ഷകയ്ക്ക് മൈനറായ മക്കളുണ്ടെങ്കിൽ (10 മാർക്ക്)<br>3. അപേക്ഷകയ്ക്ക് പെൺകുട്ടികൾ മാത്രമെങ്കിൽ (10 മാർക്ക്)<br>4. ബി.പി.എൽ കുടുംബം(ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അടക്കം) ആണെങ്കിൽ (10 മാർക്ക്)<br>5. അപേക്ഷക 40-55 പ്രായത്തിനിടയിലുള്ളവരെങ്കിൽ (10 മാർക്ക്)<br>6. അപേക്ഷക ഏകവരുമാനദായക ആണെങ്കിൽ (10 മാർക്ക്)<br>7. അപേക്ഷകയ്ക്ക് സ്വന്തം പേരിൽ സ്ഥലം ഉണ്ടെങ്കിൽ (5 മാർക്ക്)<br>8. അപേക്ഷക ക്യാൻസർ, കിഡ്നി പ്രശ്നം, ലിവർ സിറോസിസ്, തളർവാതം തുടങ്ങിയ അസുഖങ്ങളുള്ളവരാണെങ്കിൽ (10 മാർക്ക്)<br>9. അപേക്ഷകയുടെ മക്കൾക്ക് ക്രമ നം.8 പ്രകാരമുള്ള അസുഖങ്ങളുള്ളവരാണെങ്കിൽ (10 മാർക്ക്) |

10. അപേക്ഷകയുടെ പരമാവധി വസ്തു വിസ്തീർണ്ണം 10 സെന്റോ അതിന് താഴെയോ ആണെങ്കിൽ (5 മാർക്ക്)

ഇതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഗുണഭോക്താക്കളെ പ്രാഥമികമായി തെരഞ്ഞെടുത്ത് അതാത് ജില്ലകളിലെ ബന്ധപ്പെട്ട വില്ലേജ് ആഫീസർ മുഖേന ഫീൽഡ് വെരിഫിക്കേഷൻ നടപടി ക്രമം പൂർത്തീകരിച്ച് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2013-14 ഭവന നിർമ്മാണ പദ്ധതി
## ഓരോ ജില്ലയിലേക്കും അനുവദിച്ച വീടുകളുടെ എണ്ണം

| | | അനുവദിച്ച വീടുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| ക്രമ നം | ജില്ല | മുസ്ലീം വിഭാഗം | ക്രിസ്ത്യൻ വിഭാഗം | ആകെ എണ്ണം | അനുവദിച്ച തുക |
| 1 | തിരുവനന്തപുരം | 54 | 14 | 68 | 136 ലക്ഷം |
| 2 | കൊല്ലം | 45 | 11 | 56 | 112 ലക്ഷം |
| 3 | പത്തനംതിട്ട | 6 | 18 | 24 | 48 ലക്ഷം |
| 4 | ആലപ്പുഴ | 42 | 10 | 52 | 104 ലക്ഷം |
| 5 | കോട്ടയം | 10 | 20 | 30 | 60 ലക്ഷം |
| 6 | ഇടുക്കി | 35 | 15 | 50 | 100 ലക്ഷം |
| 7 | എറണാകുളം | 33 | 22 | 55 | 110 ലക്ഷം |
| 8 | തൃശൂർ | 39 | 23 | 62 | 124 ലക്ഷം |
| 9 | പാലക്കാട് | 36 | 8 | 44 | 88 ലക്ഷം |
| 10 | മലപ്പുറം | 195 | 9 | 204 | 408 ലക്ഷം |
| 11 | കോഴിക്കോട് | 90 | 17 | 107 | 214 ലക്ഷം |
| 12 | വയനാട് | 67 | 23 | 90 | 180 ലക്ഷം |
| 13 | കണ്ണൂർ | 46 | 10 | 56 | 112 ലക്ഷം |
| 14 | കാസർഗോഡ് | 50 | 2 | 52 | 104 ലക്ഷം |
| | ആകെ | **748** | **202** | **950** | **1900 ലക്ഷം** |

## 2014-15 ഭവന നിർമ്മാണ പദ്ധതി

| | | അനുവദിച്ച വീടുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| ക്രമ നം | ജില്ല | മുസ്ലീം വിഭാഗം | ക്രിസ്ത്യൻ വിഭാഗം | ആകെ എണ്ണം | ആകെ തുക |
| 1 | തിരുവനന്തപുരം | 8 | 2 | 10 | 20 ലക്ഷം |
| 2 | കൊല്ലം | 8 | 2 | 10 | 20 ലക്ഷം |
| 3 | പത്തനംതിട്ട | 2 | 2 | 4 | 8 ലക്ഷം |
| 4 | ആലപ്പുഴ | 15 | 3 | 18 | 36 ലക്ഷം |
| 5 | കോട്ടയം | 5 | 5 | 10 | 20 ലക്ഷം |
| 6 | ഇടുക്കി | 13 | 7 | 20 | 40 ലക്ഷം |
| 7 | എറണാകുളം | 10 | 3 | 13 | 26 ലക്ഷം |
| 8 | തൃശൂർ | 6 | 4 | 10 | 20 ലക്ഷം |
| 9 | പാലക്കാട് | 15 | 3 | 18 | 36 ലക്ഷം |
| 10 | മലപ്പുറം | 35 | 5 | 40 | 80 ലക്ഷം |
| 11 | കോഴിക്കോട് | 20 | 4 | 24 | 48 ലക്ഷം |
| 12 | വയനാട് | 18 | 5 | 23 | 46 ലക്ഷം |
| 13 | കണ്ണൂർ | 25 | 6 | 31 | 62 ലക്ഷം |
| 14 | കാസർഗോഡ് | 14 | 4 | 18 | 36 ലക്ഷം |
| | ആകെ | **194** | **55** | **249** | **498 ലക്ഷം** |



സെക്ഷൻ ഓഫീസർ